നം:ICDS.B2- 4545/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി :07.06.2017

സാമൂഹ്യനീതി ഡയറക്ടർ

ജില്ലാതല പ്രോഗ്രാം ഓഫീസർ,

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ICDS - 2015-16 വർഷത്തെ മികച്ച ജില്ലാകളക്ടർ, സിഡിപിഒ, പ്രോഗ്രാം ഓഫീസർ കാറ്റഗറിക്കുള്ള സംസ്ഥാന അവാർഡ്- നോമിനേഷനുകൾ സമർപ്പിക്കുന്നത്- - സംബന്ധിച്ച്.

സൂചന :- 1.6.2017 ലെ അവാർഡ് നിർണ്ണയ കമ്മിറ്റി തീരുമാനം.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം 2015-16 വർഷത്തെ സംസ്ഥാന അവാർഡ് നോമിനേഷനുകൾ പരിഗണിച്ചിരുന്നു. ടി കമ്മിറ്റി മുമ്പാകെ ഐസിഡിഎസ് പദ്ധതിയിൻകീഴിൽ 2015-16 വർഷത്തിൽ മികച്ച സേവനം കാഴ്ച വച്ച ജില്ലാകളക്ടർ, പ്രോഗ്രാം ഓഫീസർ എന്നീ കാറ്റഗറിയിലേക്ക് നോമിനേഷനുകൾ ഒന്നും തന്നെ പരിഗണനയ്ക്കായി ലഭിച്ചില്ല. സിഡിപിഒ കാറ്റഗറിയിലേക്ക് കേവലം രണ്ട് നോമിനേഷനുകളാണ് പരിഗണനയ്ക്കായി ലഭിച്ചത്.

ജില്ലാകളക്ടർ, പ്രോഗ്രാം ഓഫീസർ കാറ്റഗറികളിലേക്കായി ജില്ലാ പ്രോഗ്രാം ഓഫീസർമാർ അവരവരുടെ ജില്ലകളിലെ 2015-16 വർഷത്തെ പ്രവർത്തനങ്ങളെപ്പറ്റിയും, ടി പ്രവർത്തനങ്ങളിൽ കളക്ടർമാർ ഭാഗഭാക്കായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിവരങ്ങളും ഡോക്യൂമെന്റേഷൻ സഹിതം ജൂൺ 20 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സിഡിപിഒ കാറ്റഗറിയിലേക്കായി പരിഗണിക്കുന്നതിന് അതത് പ്രോജക്ടുകളിൽ ഒരു വർഷത്തെ പ്രവർത്തന പരിചയമായി നിജപ്പെടുത്തുവാൻ സൂചന പ്രകാരം കമ്മിറ്റി തീരുമാനിച്ചു. ആയതിനാൽ ടി കാറ്റഗറിയിലേക്കുള്ള നോമിനേഷനുകൾ പരിശോധിച്ച് ജില്ലയിൽ നിന്നും ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വച്ച ഒരു ശിശുവികസന പദ്ധതി ഓഫീസറുടെ പ്രവർത്തന റിപ്പോർട്ടുകളുടെ ഡോക്യുമേന്റേഷൻ സഹിതം ജൂൺ 20 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാനും നിർദ്ദേശിക്കുന്നു സിഡിപിഒ വിഭാഗത്തിലേയ്ക്ക് അവാർഡിനായി P.O. മാർക്ക് നേരിട്ട് നോമിനേറ്റ് ചെയ്യാവുന്നതാണ്.

TSS/June 12, 2017

PDF processed with CutePDF evaluation edition www.CutePDF.com

സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റി കൂടി അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കേണ്ടതുള്ളതിനാൽ മേൽ ഖണ്ഡിക പ്രകാരമുള്ള ( സിഡിപിഒ, പി.ഒ, ജില്ലാകളക്ടർ എന്നീ വിഭാഗത്തിലെ ) നോമിനേഷനുകൾ സമയ പരിധിക്കുള്ളിൽ ലഭ്യമാക്കണമെന്ന് അറിയിക്കുന്നു

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർ

TSS/June 12, 2017